# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 മാർച്ച് 6**

---

## ഉപദേശമില്ലാതെ കുട്ടികൾ ലഹരിയോട് നോ പറയും; പദ്ധതിയുമായി എം.ജി സർവകലാശാലാ യു3എ

*ഉപദേശവും ശകാരവുമില്ലാതെ കുട്ടികളെ ലഹരിയുടെ വഴിയിൽനിന്ന് അകറ്റാനാകുമോ? സാധിക്കുമെന്ന് രാജ്യാന്തര സംഘടനയായ യു3എയുടെ മഹാത്മാ ഗാന്ധി സർവകലാശാലയിലെ യൂണിറ്റ് ഭാരവാഹികൾ.*

*കുട്ടികളുടെ സമീപനത്തിൽതന്നെ മാറ്റം വരുത്തി, അവരെ ലഹരിക്കെതിരെ അണിനിരത്താൻ ലക്ഷ്യമിടുന്ന പദ്ധതി അവധിക്കാലത്ത് യു3എ സംസ്ഥാനത്ത് നടപ്പാക്കും. മുതിർന്ന പൗരൻമാർക്ക് ജീവിതത്തിലെ സന്തോഷകരമായ മൂന്നാം ഘട്ടം ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്ന സംഘടനയുടെ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികൾക്കുവേണ്ടിയുള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.*

*ഏപ്രിൽ, മെയ് മാസങ്ങളിൽ എട്ടാം ക്ലാസ് മുതലുള്ള വിദ്യാർഥികൾക്കായി വളർത്തുന്ന മനഃശാസ്ത്രം എന്ന് അറിയപ്പെടുന്ന ടി.സി.ഐ(തീം സെൻറേഡ് ഇൻററാക്ഷൻ) രീതിയിലുള്ള 100 ശിൽപ്പശാലകളാണ് വിവിധ കേന്ദ്രങ്ങളിലായി നടത്തുക. കുട്ടികൾക്ക് തെല്ലും വിരസത തോന്നാത്ത രീതിയിലാണ് രണ്ടു ദിവസത്തെ ശിൽപ്പശാല സംഘടിപ്പിക്കുന്നത്.*

*പഠനം, പാഠ്യേതര പ്രവർത്തനങ്ങൾ, ജീവിത ലക്ഷ്യം തുടങ്ങിയവയെക്കുറിച്ചുള്ള കുട്ടികളുടെ ധാരണകളിൽതന്നെ മാറ്റം വരുത്താൻ പരി പാടി സഹായകമാകുമെന്ന് യു3എ ഡയറക്ടർ ഡോ. ടോണി തോമസ് പറഞ്ഞു.*

*വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ഡോ. ടോണി തോമസ്, യു3എ മെന്റർ ഡോ. തോമസ് ഏബ്രഹാം എന്നിവരാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഈ മേഖലയിൽ വിദഗ്ധ പരിശീലനം നേടിയിട്ടുള്ള ബട്ടർഫ്ളൈ ഫെസിലിറ്റേറ്റർമാർ ശിൽപ്പശാലകൾക്ക് നേതൃത്വം നൽകും.*

*പരിപാടിക്കു മുന്നോടിയായുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായി കോരുത്തോട് സി. കേശവൻ മെമ്മോറിയൽ സ്കൂളിൽ അധികൃതർ, അധ്യാപകർ, പി.ടി.എ*

*പ്രതിനിധികൾ എന്നിവരുമായി ഡോ. തോമസ് ഏബ്രഹാമും അക്കമ്മ മാത്യുവും സംവദിച്ചു.*

*ശിൽപ്പശാലകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് സ്കൂളുകളിലെ പ്രധാന അധ്യാപകർ ചുവടെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടണം. കാസർകോഡ്, കണ്ണൂർ,വയനാട്, കോഴിക്കോട്, മലപ്പുറം,പാലക്കാട് - 9400225511, 9895456995, തൃശൂർ, എറണാകുളം, ഇടുക്കി -8921435190, കോട്ടയം, ആലപ്പുഴ-9447374804, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം-9447721910*

*(പി.ആർ.ഒ/39/1358/2025)*

## നാനോ ടെക്നോളജി രാജ്യാന്തര സമ്മേളനം 23 മുതൽ

*നാനോ മെറ്റീരിയലുകൾ, പോളിമെറുകൾ എന്നിവയെക്കുറിച്ചുള്ള രാജ്യാന്തര സമ്മേളനം മാർച്ച് 23 മുതൽ 25 വരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. സർവകലാശാലയിലെ ഇന്റനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോടെക്നോളജി(ഐഐയുസിഎൻഎൻ), സ്കൂൾ ഓഫ് നാനോസയൻസ് ആന്റ നാനോടെക്നോളജി എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടിയിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള 250 പ്രതിനിധികൾ നേരിട്ടും ഓൺലൈനിലുമായി പങ്കെടുക്കും.*

*വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും. പോളിമെറുകളുടെയും നാനോ മെറ്റീരിയലുകളുടെയും നൂതന സാധ്യതകളെക്കുറിച്ചുള്ള പ്രബന്ധങ്ങൾ സമ്മേളനത്തിൽ അവതരിപ്പിക്കും. മുൻ വൈസ് ചാൻസലറും ഐഐയുസിഎൻഎൻ ഡയറക്ടറുമായ പ്രഫ. സാബു തോമസിന്റെ പൂർവ വിദ്യാർഥികളുടെ വാർഷിക സംഗമവും ഇതോടനുബന്ധിച്ചു നടക്കും.*

*കൂടുതൽ വിവരങ്ങൾ 9617137096,7034485230 എന്നീ ഫോൺ നമ്പരുകളിലും വെബ്സൈറ്റിലും (*https://www.macromol.in/ICPN-2025*) ലഭിക്കും.*

*(പി.ആർ.ഒ/39/1359/2025)*

## ലീഡ് ഡെവലപ്പർ; വാക്-ഇൻ-ഇൻറർവ്യൂ

*മഹാത്മാഗാന്ധി സർവകലാശാലയിൽ താൽകാലിക കരാർ അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ നിയമനത്തിനുള്ള വാക്ക്-ഇൻ-ഇൻറർവ്യൂ മാർച്ച് 13ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ-0481-2733541.*

*(പി.ആർ.ഒ/39/1360/2025)*

## ടെക്നിക്കൽ അസിസ്റ്റന്റ്; കരാർ നിയമനം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഒരൊഴിവിൽ (എൽസി/എഐ) കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.*

*ഒരുവർഷത്തേക്കാണ് നിയമനം. കെമിസ്ട്രി അല്ലെങ്കിൽ പോളിമർ കെമിസ്ട്രിയിൽ ഫസ്റ്റ്/സെക്കന്റ് ക്ലാസ് ബിരുദാനന്തര ബിരുദവും പ്രവൃത്തിപരിചയവുമുള്ളവരെയാണ് പരിഗണിക്കുന്നത്.*

*പ്രായപരിധി 2025 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. നിയമാനുസൃത വയസിളവ് അനുവദിക്കും. പ്രതിമാസ വേതനം 20000 രൂപ. അപേക്ഷകൾ യോഗ്യതാ രേഖകൾ സഹിതം* ada5@mgu.ac.in *എന്ന ഇമെയിൽ വിലാസത്തിൽ അയക്കണം.*

*(പി.ആർ.ഒ/39/1361/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**